14579
22/8/19

"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

**സംഗ്രഹം**

മുഖ്യ മന്ത്രിയുടെ ദുരിതാശ്വാസ നിധി- ഇടുക്കി ജില്ല-പ്രളയത്തിൽ ഭൂമി നഷ്ടപ്പെട്ട പുറമ്പോക്ക് നിവാസികളായ 122 കുടുംബങ്ങൾക്ക് സ്ഥലം വാങ്ങുന്നതിന് മുഖ്യ മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നു

റവന്യൂ ( ഡി ആർ എഫ് - എ )വകുപ്പ്

സ.ഉ.(സാധാ) നം.2226/2019/റവ. തീയതി,തിരുവനന്തപുരം, 16/08/2019

പരാമർശം:- 1 സ.ഉ (സാധാ )നം.530/2018/DMD തീയതി 10/10/2018

2 സ.ഉ (സാധാ )നം.291/2019/DMD തീയതി 23/5/2019

**ഉത്തരവ്**

2018-ലെ മഹാപ്രളയത്തിൽ ഇടുക്കി ജില്ലയിൽ വീട് പൂർണമായും നഷ്ടപ്പെട്ട പുറമ്പോക്ക നിവാസികളായ 122 കുടുംബങ്ങളുടെ പുനരധിവാസത്തിനായി ഭൂമി വാങ്ങുന്നതിനു പരാമർശം(1) ഉത്തരവിലെ നിബന്ധനകൾക്ക് വിധേയമായി ഒരു കുടുംബത്തിനുള്ള സ്ഥലത്തിന്റെ ആകെ വില 6,00,000/-രൂപയിൽ അധികരിക്കരുതെന്ന വ്യവസ്ഥയിൽ 4 ഏക്കർ 85സെന്റ് ഭൂമി വാങ്ങുന്നതിനായി 7 കോടി 32 ലക്ഷം രൂപ മുഖ്യ മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും നൽകുന്നതിനായി പരാമർശം(2) പ്രകാരം ഉത്തരവായിട്ടുണ്ട് .അപ്രകാരം ഇടുക്കി ജില്ലയിൽ പുറമ്പോക്ക നിവാസികളായ 122 കുടുംബങ്ങളുടെ പുനരധിവാസത്തിനായി ഭൂമി വാങ്ങുന്നതിന് 7,32,00,000/- രൂപ(ഏഴ് കോടി മുപ്പത്തിരണ്ട് ലക്ഷം രൂപ മാത്രം)മുഖ്യ മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

2. വസ്തു വാങ്ങുന്നതിനായി 6 ലക്ഷം രൂപയോ പ്രമാണത്തിൽ പറയുന്ന തുകയോ ഏതാണോ കുറവ് അത് ഗുണഭോക്താവിന് ഇടുക്കി ജില്ലാ കളക്ടർ നൽകേണ്ടതും, ഈ ഉത്തരവ് പ്രകാരം അനുവദിക്കുന്ന 7,32,00,000/- രൂപയിൽ ചെലവഴിച്ച തുക സംബന്ധിച്ച വിശദ വിവരങ്ങൾ റിപ്പോർട്ട് ചെയ്യേണ്ടതും ബാക്കി വരുന്ന തുക തിരിച്ചടയ്ക്കേണ്ടതുമാണ്

3. വിതരണത്തിനാവശ്യമായി വരുന്ന 7,32,00,000/- രൂപ(ഏഴ് കോടി മുപ്പത്തിരണ്ട് ലക്ഷം രൂപ മാത്രം) 2075-00-800-40 contribution to Chief Minister's Distress Relief Fund (N P ) എന്ന ശീർഷകത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P.80 അക്കൗണ്ടിൽ നിന്നും ഇടുക്കി ജില്ലാ കളക്ടർക്ക് അനുവദിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**വേണു.വി**
പ്രിൻസിപ്പല് സെക്രട്ടറി

ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം

ജില്ലാ കളക്ടർ, ഇടുക്കി

മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, ഒബ്സർവേറ്ററി ഹിൽസ്, വികാസ് ഭവൻ, തിരുവനന്തപുരം

ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി ഖജാൻജി)

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

ബഹു. റവന്യൂവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

ജില്ലാ ട്രഷറി ഓഫീസർ ,ഇടുക്കി ( ട്രഷറി ഡയറക്ടർ, തിരുവനന്തപുരം മുഖാന്തിരം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ & ഇ), കേരള, തിരുവനന്തപുരം

റവന്യൂവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്

ധനകാര്യ (ഫണ്ട്സ്) വകുപ്പ്

ദുരന്ത നിവാരണ ( എ) വകുപ്പ്

വിവരപൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

കരുതൽഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ